# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളാവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.റ്റി.എം.പി5/935/21

തീയിതി.06.08.2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 06/08/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളാവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.റ്റി.എം.പി5/935/21
തീയിതി.06.08.2021

തീയ്യതി: 06/08/2021

## കോട്ടയം ജില്ലയിലെ
## വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2019 മുതൽ 30-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-07-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീ... (... |
|---|---|---|---|
| ശ്രീ.എം.എൻ.രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 14-07-2021 | 3... |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| | |
|---|---|

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സരസ്വതിയമ്മ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| എച്ച്.മുഹമ്മദ് സലിം സെക്രട്ടറി | സെക്രട്ടറി | 01-04-2019 | 30-08-2019 |
| നിമ്മി ജേക്കബ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 31-08-2019 | 08-10-2019 |
| പി.റ്റി.ചെല്ലപ്പൻ | സെക്രട്ടറി | 09-10-2019 | 29-02-2020 |
| നിമ്മി ജേക്കബ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-03-2020 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| നിമ്മി ജേക്കബ് | അസി.സെക്രട്ടറി |
| ഡോ.അനീഷ് വർക്കി | മെഡിക്കൽ ഓഫിസർ(അലോപ്പതി) |
| രാജേശ്വരി.ആർ | ഐ.സി.ഡി.എസ്.സൂപ്പർവൈസ |
| ബിനു തോമസ് | കൃഷി ആഫീസർ |
| വിപിത വി.പി | കൃഷി ആഫീസർ |
| ചിത്ര എസ് | അസി.എൻജിനീയർ |
| രെഞ്ജു.എസ്.ഫ്രാൻസിസ് | അസി.എൻജിനീയർ |

| | |
|---|---|
| ഡോ.ചിത്ര.റ്റി | മെഡിക്കൽ ഓഫിസർ(ആയുർവേദം) |
| ഡോ.ആശ.എസ് | മെഡിക്കൽ ഓഫിസർ(ആയുർവേദം) |
| ഡോ. ബേനസീർ.കെ.ഐ | മെഡിക്കൽ ഓഫിസർ(ആയുർവേദം) |
| ഡോ.സുജ എം.ചാക്കോ. | വെറ്റിനറി സർജൻ |
| ജയറാണി.എസ്. | ഡയറിഫാം ഇൻസ്ട്രക്റ്റർ |
| അമൃത.ആർ. | വി.ഇ.ഒ.,വെള്ളാവൂർ |
| സജിത്.കെ.ഇബ്രാഹിം | വി.ഇ.ഒ.,താഴത്തുവടകര |
| ഡോ.അരവിന്ദ്ജോഷി,എം.ഒ. | മെഡിക്കൽ ഓഫീസർ,അലോപ്പ |
| രഘു.എം.ഡി. | വി.ഇ.ഒ.,വെള്ളാവൂർ |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lekha V (Audit Officer, On 26-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sunil Kumar G (Senior Grade Auditor, On 28-07-2021)<br>Last Updated By: Sunil Kumar G (Senior Grade Auditor, On 28-07-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Lekha V (Audit Officer, On 26-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-08-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Lekha V (Audit Officer, On 26-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-08-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Lekha V (Audit Officer, On 27-07-2021)<br>Last Updated By: Lekha V (Audit Officer, On 27-07-2021) | 1-5 |
| 6 | ക്ഷേമപദ്ധതികൾ<br>Written By: Lekha V (Audit Officer, On 26-07-2021)<br>Last Updated By: Sunil Kumar G (Senior Grade Auditor, On 28-07-2021) | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sunil Kumar G (Senior Grade Auditor, On 29-07-2021)<br>Last Updated By: Sunil Kumar G (Senior Grade Auditor, On 29-07-2021) | 1-7 |
| 8 | തൊഴിലുറപ്പു പദ്ധതി<br>Written By: Lekha V (Audit Officer, On 26-07-2021)<br>Last Updated By: Sunil Kumar G (Senior Grade Auditor, On 29-07-2021) | 1-8 |
| 9 | കാഷ് ബാലൻസ് പരിശോധന<br>Written By: Lekha V (Audit Officer, On 26-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-08-2021) | 1-9 |
| 10 | ഗ്രാമസഭകൾ<br>Written By: Lekha V (Audit Officer, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-08-2021) | 1-10 |
| 11 | വസ്തുനികുതി നിർണ്ണയത്തിന് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് പരിഗണിച്ചില്ല - ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് അപാകത പരിഹരിച്ചു<br>Written By: Unnikrishnan M (Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-08-2021) | 1-11 |
| 12 | സ്ഥാപന നികുതി അടച്ചിട്ടില്ല.<br>Written By: Unnikrishnan M (Auditor, On 30-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-08-2021) | 1-12 |
| 13 | വാടക സംബന്ധിച്ച അപാകതകൾ<br>Written By: Sunil Kumar G (Senior Grade Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-08-2021) | 1-13 |

| | | |
|---|---|---|
| 14 | ലൈസൻസ് സംബന്ധമായ അപാകതകൾ<br>Written By: Sunil Kumar G (Senior Grade Auditor, On 01-08-2021)<br>Last Updated By: Lekha V (Audit Officer, On 01-08-2021) | 1-14 |
| 15 | തെരുവ് വിളക്ക് കറണ്ട് ചാർജ് - ബില്ലിൽ സുതാര്യതയില്ല - സംയുക്ത പരിശോധന നടത്തിയില്ല - രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 01-08-2021)<br>Last Updated By: Lekha V (Audit Officer, On 01-08-2021) | 1-15 |
| 16 | ഇ-ടെൻഡർ ഫീസ് പഞ്ചായത്ത് അക്കൗണ്ടിൽ ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: Lekha V (Audit Officer, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-08-2021) | 1-16 |
| 17 | നിശ്ചിത സമയത്തിനുള്ളിൽ കരാറിൽ എർപ്പെടാത്ത കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല<br>Written By: Lekha V (Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-08-2021) | 1-17 |
| 18 | നിക്ഷേപപ്രവൃത്തികൾക്ക് വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല<br>Written By: Lekha V (Audit Officer, On 31-07-2021)<br>Last Updated By: Lekha V (Audit Officer, On 01-08-2021) | 1-18 |
| 19 | തനത് ഫണ്ടിൽ നിന്നും വലിയ തുക പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നു<br>Written By: Lekha V (Audit Officer, On 01-08-2021)<br>Last Updated By: Lekha V (Audit Officer, On 01-08-2021) | 1-19 |
| 20 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- വിലയിനത്തിൽ തുക അധികം നല്കി<br>Written By: Sunil Kumar G (Senior Grade Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-08-2021) | 1-20 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റ വിവരം<br>Written By: Lekha V (Audit Officer, On 25-07-2021)<br>Last Updated By: Lekha V (Audit Officer, On 25-07-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം<br>Written By: Lekha V (Audit Officer, On 25-07-2021)<br>Last Updated By: Lekha V (Audit Officer, On 25-07-2021) | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Lekha V (Audit Officer, On 25-07-2021)<br>Last Updated By: Lekha V (Audit Officer, On 25-07-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Lekha V (Audit Officer, On 25-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-07-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Lekha V (Audit Officer, On 25-07-2021)<br>Last Updated By: Lekha V (Audit Officer, On 25-07-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Lekha V (Audit Officer, On 25-07-2021)<br>Last Updated By: Lekha V (Audit Officer, On 25-07-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sunil Kumar G (Senior Grade Auditor, On 28-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-08-2021) | 4-7 |
| 8 | ചാർജ്-സർചാർജ് നടപടികൾ വഴി ഈടാക്കിയ തുകയുടെ വിവരം<br>Written By: Sunil Kumar G (Senior Grade Auditor, On 28-07-2021)<br>Last Updated By: Sunil Kumar G (Senior Grade Auditor, On 28-07-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sunil Kumar G (Senior Grade Auditor, On 28-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-08-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sunil Kumar G (Senior Grade Auditor, On 28-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-07-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

13.2.2019ലെ 1-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്ഥിരംസമിതി അംഗീകരിച്ച ബജറ്റ് ജനറൽ കമ്മറ്റി 26.2.19 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 4392803 | 6202144 |
| വരവ് | 1180554880 | 46912857 |
| ആകെ | 122447683 | 53115001 |
| ചെലവ് | 113344353 | 48397911 |
| നീക്കിയിരിപ്പ് | 9103330 | 4717090 |

ബജറ്റ് പരിശോധിച്ചതിൽ ശാസ്ത്രീയ അടിത്തറ ഇല്ലാതെ വരവ് ചെലവുകൾ പെരുപ്പിച്ച് കാണിച്ച് ആണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് കാണുന്നു. 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കത്തോടുകൂടി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 13.05.2020-ലെ 3/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2019-20 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 6202144/- രൂപയും തൻവർഷ വരവ് 524947867/- രൂപയും തൻവർഷചെലവ് 48397911/- രൂപയും വർഷാവസാന നീക്കിയിരിപ്പ് 4717090/-രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 73116243/- രൂപയും ആകെ ചെലവ് 75903846/- രൂപയും ആകുന്നു. മുൻകാല അക്കൗണ്ടിംഗ് ക്രമീകരണത്തിലൂടെ 186353/- രൂപ കിഴിച്ച് തൻവർഷത്തെ പ്രവർത്തന കമ്മി 2601250/- രൂപയായും കണക്കാക്കിയിട്ടുണ്ട്. 31.3.20 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി മൂല്യം 10060282/- രൂപയും ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 7816469/- രൂപയും അന്നേ ദിവസത്തെ ജനറൽ ഫണ്ട് പൊസിഷൻ 2243813/- രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രികകൾ പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല(ഷെഡ്യൂൾ I-16). ഇതു സംബന്ധിച്ച വർക്ക്ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

2. 26.7.2011 ലെ G.O(Ms)152/11/LSGD പ്രകാരം ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമല്ലാത്തതിനാൽ പഞ്ചായത്ത്ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. ഡിപ്രിസിയേഷൻ കണക്കാക്കുന്നതു സംബന്ധിച്ച വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല

3)വസ്തുനികുതിയിനത്തിൽ വാർഷികധനകാര്യപത്രികപ്രകാരമുള്ള ഡി.സി.ബി തുകകൾ സഞ്ചയപ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4)2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോ പത്രിക വാർഷികകണക്കുകൾക്കൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

5)ബി-18 ഷെഡ്യൂളിൽ 'Temporary Advance To Official Purpose' എന്ന ഹെഡിൽ 10000/- രൂപ മുൻവർഷം മുതൽ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

6)RP 7 ഷെഡ്യൂളിൽ വികസനഫണ്ട് (CFC) തുക 5655942/- ന് പകരം 5619942/- എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

7)ലൈസൻസ് ഫീസ് സംബന്ധിച്ച് രജിസ്റ്ററിലെയും വാർഷിക ധനകാര്യപത്രികയിലെയും ഡി.സിബി തുകകൾ തമ്മിൽ പൊരുത്തമില്ല

8)B4 ഷെഡ്യൂൾ 'Grant Funds & Contribution For Specific Purposes- Other Central Govt. Grants - Solid Waste' എന്ന ഹെഡിൽ 822000/- രൂപ ബാദ്ധ്യത ക്രമീകരിക്കാൻ അവശേഷിക്കുന്നു.

9)B15 ഷെഡ്യൂൾ 'Bus Stand Receipt' എന്ന ആസ്തി ഹെഡിൽ 8500/-രൂപ ക്രമീകരിക്കാതെ നിലനിർത്തിയിരിക്കുന്നു.

10)ജി.ഒ പ്രോജക്ട് ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ RP 7 ഷെഡ്യൂളിലെ തുകയും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തുകയും തമ്മിൽ വികസനഫണ്ട് (ജനറൽ) തുകയിൽ 294118/- രൂപയുടെയും വികസനഫണ്ട് (എസ്.സി.പി) തുകയിൽ 88235/- രൂപയുടേയും വ്യത്യാസം നിലനിൽക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6202144 |
| വരവ് | 46912857 |
| ആകെ | 53115001 |
| ചെലവ് | 48397911 |
| നീക്കിയിരിപ്പ് | 4717090 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | | ----- | 9735000 | 9735000 | 8452876 | 1282124 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | --- | 6209000 | 6209000 | 5113440 | 1095560 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | ---- | 283000 | 283000 | 274895 | 8105 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | --- | 1188900 | 11889000 | 6713670 | 5175330 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | --- | 3251000 | 3251000 | 1590057 | 1660943 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | --- | 7442835 | 7442835 | 5655942 | 1786893 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | --- | 19969425 | 19969425 | 19969425 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4062.95 | 785326 | 789388.95 | 784907.95 | 4481 |
| ഖരമാലിന്യനിർമ്മാർജ്ജനം | | 847000 | 0 | 847000 | 25000 | 822000 |
| ഐ. സി.ഡി.എസ്സ് .സെൻട്രൽ ഷെയർ | | 576690 | 481620 | 1058310 | 345128 | 713182 |
| ശുചിത്വമിഷൻ ഗ്രാന്റ് | | 547457 | 130000 | 677457 | 395500 | 281957 |
| ബ്ലോക്ക് വിഹിതം | | 0 | 966660 | 966660 | 666660 | 300000 |
| സമ്പൂർണ്ണശുചിത്വം | | 156086 | 0 | 156086 | 130711 | 25375 |

ജി ഒ പ്രൊജക്റ്റായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

2.ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചത്തിന്റെ 2019-20വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 01/02/2020 ലെ 2707/18/ DPC/DPO/KTM നം.ഉത്തരവു പ്രകാരം അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 22/10/2018 |
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 14.11.2018മുതൽ |

| | |
|---|---|
| | 22/11/2018 |
| വികസനസെമിനാർ | 1/12/2018 |
| ഊരുകൂട്ടം | 7.3.19,20.7.19,10.2.20 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 74597601/ രൂപയും ആകെ ചെലവ് 35692570/ രൂപയുമാണ്. അംഗീകാരം ലഭിച്ച 219 പ്രോജക്ടുകളിൽ142 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ചപദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 4 | 2 | 271400 | 104252 |
| 2 | വെറ്ററിനറി സർജൻ | 7 | 7 | 4575000 | 2967631 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 5 | 980000 | 766434 |
| 5 | മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 450000 | 450000 |
| 6 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ 1 | 10 | 9 | 9865488 | 3193724 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 6 | 4760530 | 3284763 |
| 8 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 34 | 27 | 6918467 | 3939564 |
| 9 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ 2 | 9 | 8 | 12718628 | 4374828 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 124 | 66 | 29638975 | 14596562 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1546015 | 97515 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 16 | 10 | 2873098 | 1917297 |
| | ആകെ | 219 | 142 | 74597601 | 35692570 |

റോഡിതര മെയിന്റനൻസ് ഗ്രാന്റിനത്തിൽ വകയിരുത്തിയ 3891000/- രൂപയിൽ 1590057/- രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്(40.86%).അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഭൂരിഭാഗം പ്രവൃത്തികളും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്.

അസിസ്റ്റന്റ് എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന്ന 124 പ്രോജക്ടുകളിൽ 66 എണ്ണം മാത്രമാണ് തൻവർഷം പൂർത്തീകരിക്കാൻ സാധിച്ചത്.

- 2019-20 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ വികസനഫണ്ട് വിഹിതം വകയിരുത്തിയിട്ടില്ല.തനത് ഫണ്ട് വിഹിതം

മാത്രമാണ് വകയിരുത്തിയിട്ടുള്ളത്.

ധനകാര്യകമ്മീഷൻ അവാർഡിനത്തിൽ വകയിരുത്തിയ 8817559/-രൂപയിൽ തൻ വർഷം ചെലവഴിയ്ക്കാൻ സാധിച്ചത് 5655942/-രൂപ മാത്രമാണ്(64.14%)

പ്രോജക്ടുകൾ സമയബന്ധിതമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ 11008955/-രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

<u>നിശ്ചിത ലക്ഷ്യം കൈവരിയ്ക്കാകയാൽ 1.10കോടി രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു</u>

2019-20 വർഷം സർക്കാർ ഫണ്ടുകളുടെ വിനിയോഗത്തിൽ ഗ്രാമപഞ്ചായത്തിന് നിശ്ചിത ലക്ഷ്യം കൈവരിയ്ക്കാൻ സാധിച്ചിട്ടില്ല. 3008592/-രൂപയുടെ ബില്ലുകൾ ക്യൂവിലായതിനാൽ തൻവർഷം ചെലവഴിയ്ക്കാൻ സാധിച്ചില്ല.ട്രഷറി നിയന്ത്രണങ്ങളും,കോവിഡ് മൂലമുള്ള ലോക്ക് ഡൗണും കാരണമാണ് പദ്ധതി തുകയുടെ വിനിയോഗത്തിൽ കുറവ് സംഭവിച്ചിട്ടുള്ളത്.തൻവർഷം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുത്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | സഞ്ചിതനിധിയിലേയ്ക്ക് തിരികെ അടവാക്കിയ തുക |
|---|---|
| വികസനഫണ്ട് | 1282124 |
| എസ്.സി.പി | 1095560 |
| ടി.എസ്.പി | 8105 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 5175330 |
| മെയിന്റനൻസ് ഫണ്ട്(നോൺറോഡ്) | 1660943 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1786893 |
| ആകെ | 11008955 |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം സർക്കാരിൽ നിന്നും ലഭിക്കുന്നില്ലാത്തതിനാൽ സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട 1.10 കോടി രൂപ ആത്യന്തികമായി ഗ്രാമപഞ്ചായത്തിന് നഷ്ടമായി. 1.10കോടിയിലധികം രൂപ തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് പഞ്ചായത്ത് കമ്മിറ്റി ഗൗരവമായി കാണേണ്ടതും

ഭാവിയിൽ വിനിയോഗ ലക്ഷ്യം കൈവരിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതുമാണ്. ഭരണസമിതിയും, സ്റ്റാന്റിംഗ് കമ്മിറ്റികളും, വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ശ്രദ്ധപതിയ്ക്കേണ്ടതാണ്.

## 1-6 ക്ഷേമപദ്ധതികൾ

2019-20 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| തൊഴിൽരഹിത വേതനം | 17 | 23280 |
| കർഷകതൊഴിലാളി പെൻഷൻ | 110 | 376200 |
| വിധവാപെൻഷൻ | 570 | 2008800 |
| വാർദ്ധക്യകാല പെൻഷൻ | 1475 | 5426100 |
| വികലാംഗ പെൻഷൻ | 210 | 722400 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 21 | 70800 |

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.2019 | 10/2019 | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.03.2016 | 2011-12 മുതൽ 2014-15 വരെ | LBQ(HQ)11/8A-2411/03 Dt.18.04.2016 |

## 1-8 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി ലേബർ ഗ്രാമസഭകൾ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 സാങ്കേതിക അനുമതി ലഭിച്ച 361 പ്രോജക്ടുകളിൽ 171 എണ്ണം തൻവർഷം നടപ്പിലാക്കി. 2019-20 വർഷം 63921/- തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 941കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, വൃക്ഷതൈകൾ നട്ടുപിടിപ്പിക്കൽ എന്നിവയാണ് പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന

നൽകി കൊണ്ട് നടപ്പിലാക്കിയ പ്രവൃത്തികൾ. കൂടാതെ റോഡ് കോൺക്രീറ്റിംഗ് ,ആട്ടിൻ കൂട് നിർമ്മാണം,പശുത്തൊഴുത്ത് നിർമ്മാണം എന്നിങ്ങനെയുള്ള പ്രോജക്റ്റുകളും നടപ്പാക്കിയിട്ടുണ്ട് MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2019-20 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 4062.95 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 19184518 | |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 785326 | |
| ആകെ | | | 19973906.95 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 19184518 | |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | | |
| | ഉപകരണങ്ങളുടെ വില, വാടക | | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 785326 | |
| | 100 ദിവസം പൂർത്തിയാക്കിയവർക്കുള്ള തുക | 211000 | |
| | ആകെ | | |
| നീക്കിയിരിപ്പ് | | | 4481 |

## 1-9 കാഷ് ബാലൻസ് പരിശോധന

കാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം 2020-21ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-10 ഗ്രാമസഭകൾ

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3(3) പ്രകാരം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭായോഗം കൂടേണ്ടതും വികസന പ്രവർത്തന പുരോഗതികൾ അവലോകനം ചെയ്യേണ്ടതുമാണ്. എന്നാൽ വിവിധ വാർഡുകളിലെ ഗ്രാമസഭാ മിനിറ്റ്സുകൾ പരിശോധിച്ചതിൽ 2019-20 വർഷം രണ്ട് ഗ്രാമസഭകൾ മാത്രമേ കൂടിയിട്ടുള്ളൂ. നിയമാനുസൃതം ഗ്രാമസഭകൾ കൂടാതിരിക്കുന്നത് നിലവിലുള്ള നിയമങ്ങളുടെ ലംഘനമാകയാൽ ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-11 വസ്തുനികുതി നിർണ്ണയത്തിന് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് പരിഗണിച്ചില്ല – ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് അപാകത പരിഹരിച്ചു

ബിജി ഷാജി/ റീബ സോജി എന്നിവരുടെ ഉടമസ്ഥതയിലുള്ള 2019-20 വർഷം വസ്തുനികുതി നിർണ്ണയം നടത്തിയ 1/37A നമ്പർ വ്യവസായാവശ്യത്തിനുള്ള കെട്ടിടം സ്ഥിതി ചെയ്യുന്നത് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൻറെ അരികിലായാണ്. ടി കെട്ടിടം നികുതി നിർണ്ണയം നടത്തിയപ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് പരിഗണിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നിർണ്ണയിച്ച നികുതി | നിർമ്ണയിക്കേണ്ട നികുതി |
|---|---|---|
| കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | 492.68 | 492.68 |
| അടിസ്ഥാന വസ്തു നികുതി | 21185.24 (492.68*43) | 21185.24 (492.68*43) |
| ഇളവ് -മേഖലയുടെ അടിസ്ഥാനത്തിൽ -10% | 2118 | 2118 |
| മേൽക്കൂരയുടെ അടിസ്ഥാനത്തിൽ -10% | 2118 | 2118 |
| വർദ്ധനവ് - വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ -20% | | 4236 |
| തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ -15% | 3177.78 | 3177.78 |
| അടിസ്ഥാന വാർഷിക വസ്തു നികുതി | 20126 | 24362 |

മേൽ അപാകതകയിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയപ്പോൾ (നം.14) അപാകത സഞ്ചയയിൽ പരിഹരിക്കുകയും നികുതിയിനത്തിൽ കുറവ് വന്ന 4450രൂപ 121030100485/29.7.21 നം രസീതു പ്രകാരം ഈടാക്കുകയും ചെയ്തിട്ടുണ്ട്.

## 1-12 സ്ഥാപന നികുതി അടച്ചിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി അടച്ചിട്ടില്ലാത്തതായി കാണുന്നു.

| സ്ഥാപനം | സ്ഥാപന നികുതി |
|---|---|
| സർവീസ് കോപറേറ്റീവ് ബാങ്ക്-4300 കടയിനിക്കാട് | 2 അർദ്ധവർഷം |
| മുത്തൂറ്റ് ഫിനാൻസ് | 2 അർദ്ധവർഷം |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാനുള്ള സ്ഥാപന നികുതി ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്

## 1-13 വാടക സംബന്ധിച്ച അപാകതകൾ

മൂങ്ങാനി ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ 5 ന്റെ വാടക കുടിശ്ശിക(34020/-) വന്നതിനെ തുടർന്ന് നാളിതുവരെ 6326/- രൂപ മാത്രമാണ് റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിയത്. 27694/- രൂപ ഈയിനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. ലേലത്തിൽ പോകാത്തതിനെ തുടർന്ന് നാളിതുവരെ ടി കടമുറി ലേലം ചെയ്തിട്ടില്ല. ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ അടിയന്തിരമായി വാടകയ്ക്ക് നൽകാൻ നടപടി സ്വീകരിക്കേണ്ടതും കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്ത് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

മാവേലി സ്റ്റോറിൽ നിന്നും വാടക ഈടാക്കിയില്ല

മൂങ്ങാനി ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ 3, വെള്ളാവൂർ ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ 2 എന്നീ മുറികളിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിൽ നിന്നും വാടക ഈടാക്കിയില്ല. ടി മുറികളുടെ വാടക നിശ്ചയിച്ച് നൽകാൻ 16.07.2018 ലെ 6(1)-ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം എൽ.എസ്.ജി.ഡി വിഭാഗം അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയെങ്കിലും നാളിതുവരെ വാടക നിശ്ചയിച്ച് ഈടാക്കിയില്ല. അടിയന്തിരമായി വാടക നിശ്ചയിച്ച് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ബസ് സ്റ്റാന്റ് - ലേലം ചെയ്തില്ല, വരുമാനം നഷ്ടമായി

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മണിമല ബസ് സ്റ്റാന്റ് 2019-20 വർഷം ലേലം ചെയ്തില്ല. തനത് വരുമാനം വളരെക്കുറവായ ഗ്രാമപഞ്ചായത്തിന് ഇത്തരത്തിൽ വരുമാനം നഷ്ടപ്പെടുന്നത് ഒഴിവാക്കേണ്ടതാണ്. ഈയിനത്തിൽ മുൻ വർഷങ്ങളിലെ കുടിശ്ശികയായ 8500/-രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. കുടിശ്ശിക പിരിച്ചെടുക്കേണ്ടതും ലേല നടപടികൾ സ്വീകരിക്കാത്തതിനാൽ ഇത്തരത്തിൽ തനത് വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-14 ലൈസൻസ് സംബന്ധമായ അപാകതകൾ

(I)ട്രേഡേഴ്സ് ലിസ്റ്റ് കാലികമല്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിലുള്ള ഒരു ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനു പകരം ലൈസൻസ് എടുത്ത സ്ഥാപനങ്ങളെ മാത്രം ഉൾപ്പെടുത്തിയ ഒരു ലിസ്റ്റ് മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റ് എന്ന പേരിൽ സൂക്ഷിച്ചിട്ടുള്ളത്. ആധികാരികമായ ഒരു ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ പല സ്ഥാപനങ്ങളും

ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നതായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഉദാഹരണമായി 2018-19 ൽ 267 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തുവെങ്കിലും 2019-20 ൽ 249 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തത്. ഓരോ വർഷവും ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വരുന്നതിനാൽ പഞ്ചായത്തിന്റെ തനത് വരുമാനത്തിലും കുറവുണ്ടാകുന്നു.

(ii)കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നു

31.10.2017 ലെ ലൈസൻസ് ചട്ട ഭേദഗതികൾ പ്രകാരം സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ സ്ലാബുകളായി തിരിച്ച് യഥാക്രമം 500, 1000, 5000, 10000, 15000 എന്നീ ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2019-20 ൽ ലൈസൻസ് എടുത്ത249 സ്ഥാപനങ്ങളിൽ 206 സ്ഥാപനങ്ങളുടേയും ലൈസൻസ് ഫീസ് വളരെ കുറഞ്ഞ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. (ഉദാ. 50, 100, 200). മുൻകാലങ്ങളിൽ ഈടാക്കിയിരുന്ന അതേ നിരക്കിൽ വളരെക്കുറഞ്ഞ ഫീസ് മാത്രമാണ് ഭൂരിപക്ഷം സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയത്. ലൈസൻസ് അപേക്ഷകളിലും അന്വേഷണ റിപ്പോർട്ടിലും സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ശരിയായി രേഖപ്പെടുത്താത്തതിനാൽ മൂലധന നിക്ഷേപം കൂടുതലായ പല സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കുന്നതിൽ കുറവുണ്ടാകുന്നു

മേൽ വിഷയങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5തീ.22.7.2021) ചൂണ്ടിക്കാട്ടിയ അപാകതകൾ അംഗീകരിക്കുന്നുവെന്നും അപാകത പരിഹരിക്കുന്നതാണെന്നും മറുപടി ലഭിച്ചു. അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 തെരുവ് വിളക്ക് കറണ്ട് ചാർജ് - ബില്ലിൽ സുതാര്യതയില്ല - സംയുക്ത പരിശോധന നടത്തിയില്ല - രേഖകൾ സൂക്ഷിക്കുന്നില്ല

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2020-21 വർഷം 500391/-രൂപ ഗ്രാമപഞ്ചായത്ത് ഒടുക്കിയിട്ടുണ്ട്. കറണ്ട് ചാർജ്ജ് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം തെരുവ് വിളക്കുകളും എൽ ഇ ഡി ആയി മാറ്റിയിട്ടുള്ളതാണ്. എന്നാൽ മീറ്റർ സംവിധാനം ഏർപ്പെടുത്താത്തത് മൂലം ഇതിന്റെ പ്രയോജനം ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഉദാഹരണമായി മീറ്റർ സംവിധാനമില്ലാത്ത തെരുവ് വിളക്കുകൾക്ക് (Un-Metered Street Lights – LT VIII(A) കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ OP VX.15/2018/8.7.2019 ലെ ഉത്തരവ് പ്രകാരം ഒരു 40 വാട്ട് സാധാരണ ബൾബ് ദിവസം 12 മണിക്കൂർ വീതം കത്തുമ്പോൾ ഒരു മാസം 159 രൂപയും എന്നാൽ ഊർജ്ജക്ഷമത കൂടിയ ഒരു 12 വാട്ട് എൽ.ഇ.ഡി ബൾബ് 12 മണിക്കൂർ വീതം ദിവസേന ഉപയോഗിച്ചാൽ മാസം 17 രൂപ മാത്രവുമാണ് താരിഫ് നിരക്കെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തെരുവ് വിളക്ക് കറണ്ട് ചാർജ് ബിൽ പരിശോധിച്ചതിൽ മീറ്റർ സംവിധാനമില്ലാത്ത തെരുവ് വിളക്കുകൾക്കുള്ള VIII(A) താരിഫിലാണ് (Un-Metered Street Lights – LT VIII(A)) തെരുവ് വിളക്ക് കറണ്ട് ചാർജ് കണക്കാക്കിയിട്ടുള്ളത്. മീറ്റർ സംവിധാനമില്ലാത്ത താരിഫായതിനാൽ യഥാർത്ഥ ഉപയോഗത്തിനനുസൃതമായ ബില്ലല്ല ഓരോ മാസവും ലഭിക്കുന്നത്. ഉപയോഗക്ഷമമായ തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് പഞ്ചായത്തും കെ.എസ്.ഇ.ബിയും നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. സംയുക്ത പരിശോധന നടക്കാത്തതിനാൽ മുൻ കാലങ്ങളിൽ ഉണ്ടായിരുന്ന സാധാരണ ബൾബിന്റെ കൂടിയ ഊർജ്ജഉപഭോഗത്തിന്റെ അടിസ്ഥാനത്തിലുള്ള കൂടിയ നിരക്കിലാണ് കെ.എസ്.ഇ.ബി ഓരോ മാസവും ബിൽ തയ്യാറാക്കുന്നത്. കൂടാതെ ഉപയോഗക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് പഞ്ചായത്തിൽ വ്യക്തമായ രേഖകളില്ല. പഞ്ചായത്തും കെ.എസ്.ഇ.ബിയും സംയുക്ത

പരിശോധന നടത്തി ഉപയോഗക്ഷമമായ തെരുവുവിളക്കുകളുടെ എണ്ണം ഇനം തിരിച്ച് (സാധാരണ ബൾബ്, എൽ.ഇ.ഡി, ട്യൂബ്....) കണക്കാക്കി കറണ്ട് ചാർജ്ജ് നിർണ്ണയിക്കുകയോ അല്ലാത്തപക്ഷം മീറ്റർ സംവിധാനം ഏർപ്പെടുത്തി താരിഫ് പരിഷ്കരിച്ച് (LT VIIIB Metered Street Lights) ഉപയോഗിച്ച വൈദ്യുതിയുടെ മാത്രം കറണ്ട് ചാർജ്ജ് കണക്കാക്കി ഒടുക്കുന്നതിനുള്ള നടപടികൾ കൈകൊള്ളേണ്ടതും കറന്റ് ചാർജ്ജിനത്തിലുള്ള പഞ്ചായത്തിന്റെ ബാദ്ധ്യത കുറയ്ക്കേണ്ടതുമാണ്.

## 1-16 ഇ-ടെൻഡർ ഫീസ് പഞ്ചായത്ത് അക്കൗണ്ടിൽ ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വരുന്നത് അതാത് ജില്ലാപഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ്. ടി തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. ചീഫ് എൻജിനീയറുടെ 17.8.2017 ലെ DB1/7942/2010/CE/LSGDനം.സർക്കുലർ പ്രകാരം ഇ ടെണ്ടറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു.എന്നാൽ വെള്ളാവൂർ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലൊരു കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടില്ല. 2019-20 വർഷം ഇ -ടെണ്ടർ ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പ്രോജക്ട് | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീസ് | ആകെ ടെണ്ടർ ഫീ |
|---|---|---|---|
| 127/20വെള്ളാവൂർ പി.എച്ച്.സി. പുനരുദ്ധാരണം | 1 | 829 | 829 |
| 197/20ഷാജിസദനം പടി മുണ്ടോലിക്കടവ് റോഡ് റീടാറിംഗ് | 2 | 1250 | 2500 |
| 122/20മണിമല ബസ് സ്റ്റാന്റ് ഡ്രെയിനേജ് മെയിന്റനൻസ് | 1 | 999 | 999 |
| 59/20വൈദ്യൻപടി ചുവറ്റടിപ്പാറ റോഡ് കോൺക്രീറ്റിംഗ് | 2 | 1152 | 2304 |
| 60/20മണിമല ബസ് സ്റ്റാന്റ് പുത്തൻപള്ളി റോഡ് കോൺക്രീറ്റിംഗ് | 2 | 893 | 1786 |
| 68/20പീടിയേക്കൽ പുളിച്ചമാക്കൽ റോഡ് കോൺക്രീറ്റിംഗ് | 1 | 890 | 890 |
| 73/20കുടത്തുങ്കൽ അമ്പലം ജി.എൽ.പി.എസ് റോഡ് കോൺക്രീറ്റീംഗ് | 2 | 1428 | 2856 |
| 90/20 | 2 | 893 | 1786 |

| | | | |
|---|---|---|---|
| എസ്.എച്ച്.എൽ.പി.എസ് എട്ടാം മൈൽ റോഡ് റീടാറിംഗ്,ഓട നിർമ്മാണം | | | |
| 105/20പടിഞ്ഞാറ്റേൽപ്പടി കുന്നേൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 2 | 1072 | 2144 |
| 112/20മാക്കപ്പതാലിൽ വാവോലിക്കൽ റോഡ് കോൺക്രീറ്റിംഗ് | 4 | 893 | 3572 |
| 114/20മാടത്തുംമുറി ഓളോമനക്കടവു റോഡ് കോൺക്രീറ്റിംഗ് | 2 | 893 | 1786 |
| 115/20മേലോട്ടുകൊച്ചി മേക്കാമ്പുറം റോഡ് കോൺക്രീറ്റിംഗ് | 2 | 892 | 1784 |
| 183/20കംഫർട്ട് സ്റ്റേഷൻ നിർമ്മാണം | 1 | 986 | 986 |
| 127/2൦വെള്ളാവൂർ പി.എച്ച്.സി പുനരുദ്ധീരണം(റീ ടെണ്ടർ) | 1 | 829 | 829 |
| 122/20മണിമല ബസ് സ്റ്റാന്റ് ഡ്രെയിനേജ് മെയിന്റനൻസ്(റീ ടെണ്ടർ) | 1 | 999 | 999 |
| 68/20പീടിയേക്കൽ പുളിച്ചമാക്കൽ റോഡ് കോൺക്രീറ്റിംഗ്(റീ ടെണ്ടർ) | 1 | 890 | 890 |
| ആകെ | | | 26940 |

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീ ജില്ലാപഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്.

## 1-17 നിശ്ചിത സമയത്തിനുള്ളിൽ കരാറിൽ എർപ്പെടാത്ത കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല

2012-ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6)പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി14 ദിവസത്തിനകം പിഴ ഇല്ലാതെയും തുടർന്ന് 10 ദിവസം അംഗീകരിച്ച പി എസി യുടെ 1% പിഴ ഈടാക്കിയും കരാർ ചമക്കുന്നതിന് അനുവദിക്കാവുന്നതാണ്. എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ നിയമാനുസൃത സമയപരിധി കഴിഞ്ഞിട്ടും പിഴ ഈടാക്കാതെ കരാറിൽ ഏർപ്പെട്ടതായി കാണുന്നു.

| ക്രമ നം | പ്രോജക്ട്, പ്രോജക്ട് നമ്പർ കരാറുകാരൻ കരാർനമ്പർ/തീയതി കരാർ തുക | സെലക്ഷൻ നോട്ടീസ് അയച്ച/ കൈപ്പറ്റിയ തീയതി | സെലക്ഷൻ നോട്ടീസ് കൈപ്പറ്റി പിഴയില്ലാതെ കരാർ വയ്ക്കാവുന്ന അവസാന തീയതി | പിഴയോടു കൂടി കരാർ വയ്ക്കാവുന്ന അവസാന തീയതി | പിഴ 1% നിരക്കിൽ | ബിൽ തുക ,ബിൽ നം./ തീയതി |
|---|---|---|---|---|---|---|
| 1 | വെള്ളാവൂർ എസ്.എൻ.യു.പി.എസ് ടോയ്ലറ്റ് നിർമ്മാണംS155/20 അനിൽകുമാർ.വി.ജി, വെള്ളാപ്പള്ളിയിൽ, കടയിനിക്കാട്, 44/AE/LSGD/VEGP/ 2018-19 Dt.27.9.18 299372/- | 2/AE/LSGD/ VLVR/Dt 20.8.18 | 4.9.2018 | 14.9.2018 | 2994 | നം.14/19-20, 147953 തീ 15.6.19 നം.34/19-20 120998/- തീ15.11.19 |
| 2 | അടാംമറ്റം കോളനി റോഡ് കോൺക്രീറ്റിംഗ് 189/20,ഷാജി വർഗ്ഗീസ്, 71/AE/LSGD/VEGP/ 2018-19 Dt 1 8.3.19,149499 | 8/AE/LSGD/ VEGP/ 2018-19dt6.2.19 | 20.2.19 | 2.3.19 | 1495 | 22/19-20 120943/- Dt.29.6.19 |
| 3 | കാടാംകുളംതൊണ്ണാംപൊയ്ക കൊച്ചാലുങ്കൽറോഡ് കോൺക്രീറ്റിംഗ് 142/19-20, സുരേഷ്കുമാർ ടി.എസ്. ചൈത്രം, 68/AE/LSGD/VEGP/2018-19dt.8.3.19 ,374924/- | 14/AE/LSGD/ 2018-19 Dt 6.2.19 | 20.2.19 | 2.3.19 | 3749 | 4/19-20 100,000 Dt25.4.19 5/19-20 185644 ,Dt29.4.19 |
| | | | | ആകെ | 8238/- | |

കരാർ വക്കുന്നതിന് താമസം നേരിട്ടതിന് ഈടാക്കേണ്ട 8238/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കാതിരുന്നതിന് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം( )നൽകിയപ്പോൾ പിഴയിനത്തിൽ 8238/-രൂപയും കോൺട്രാക്ടറന്മാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

## 1-18 നിക്ഷേപപ്രവൃത്തികൾക്ക് വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല

2019-20വർഷം വിവധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച 560,000/-രൂപയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്,നം. | നിക്ഷേപിച്ച തുക | നിർവ്വഹണഏജൻസി | ബിൽ നം / വൗച്ചർ നം.,തീയതി |
|---|---|---|---|---|
| 1 | ഏഴാം മൈൽ എണ്ണശ്ശേരി റോഡിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽS0067/20 | 160,000 | ഇലക്ട്രിക്കൽ സെക്ഷൻ പത്തനാട് | 11/20 തീ30.7.19 |
| 2 | കങ്ങഴ നെടുംകുന്നം കുടിവെള്ള പദ്ധതി അട്ടിപ്പടി പള്ളിത്തടം ഭാഗം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽS0206/20 | 150,000 | വാട്ടർ അതോറിറ്റി നെടുംകുന്നം സെക്ഷൻ | 17/20 തീ16.10.19 |
| 3 | പള്ളത്തുപാറ കുടിവെള്ള പദ്ധതി വാതത്തോട്ടത്തിൽ പടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽS0208/20 | 250,000 | വാട്ടർഅതോറിറ്റിനെടുംകുന്നം സെക്ഷൻ | 18/20 തീ 16.10.19 |
| | ആകെ | 560,000/- | | |

വിനിയോഗവിവരം ലഭ്യമാകുന്നതുവരെ 560,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 തനത് ഫണ്ടിൽ നിന്നും വലിയ തുക പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നു

സ.ഉ.(എം.എസ്)നം.362/13 തീയതി 16-11-13 പ്രകാരം പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്കും അടിയന്തിര പ്രവൃത്തികൾക്കും പെറ്റി വർക്കുകൾക്കും വേണ്ടിവരുന്ന ചെലവുകൾ എന്നിവക്ക് ആവശ്യമായ തുക ബജറ്റിൽ മാറ്റി വച്ചതിനുശേഷം മിച്ചമുള്ള തുകയാണ് തനത്ഫണ്ട് എന്ന സ്രോതസ്സായി വക കൊള്ളിക്കേണ്ടത്.മുൻ സാമ്പത്തിക വർഷം പദ്ധതിക്കു വേണ്ടി വിനിയോഗിച്ച തനത് ഫണ്ട് തുകയുടെ 15% അധികരിച്ച തുക അടുത്ത സാമ്പത്തിക വർഷം പദ്ധതിയിൽ വകയിരുത്തുന്നുണ്ടെങ്കിൽ, അത്രയും തുക ലഭ്യമാക്കാൻ കഴിയും എന്നുള്ളതിന് പഞ്ചായത്തിന്റെ ഓഡിറ്റ് ചുമതലയുള്ള പെർഫോമൻസ് ഓഡിറ്റ് ഓഫീസറിൽ നിന്നും സാക്ഷ്യ പത്രം മുൻകൂട്ടി വാങ്ങേണ്ടതാണ്.എന്നാൽ 2019-20 വർഷം ഇപ്രകാരം ഒരു സാക്ഷ്യപത്രം വാങ്ങിയതായി കാണുന്നില്ല.2018-19വർഷം പ്രൊജക്ടുകൾക്ക് വേണ്ടി തനതുഫണ്ടിൽ നിന്നുള്ള വകയിരുത്തൽ 2902865 /-രൂപയും, ചെലവ് 1511980/-രൂപയുമാണ്. 2019-20 സാമ്പത്തിക വർഷം തനത് ഫണ്ടിനത്തിൽ വകയിരുത്തിയത് 7357810/-രൂപയാണ്. തനത് ഫണ്ടിൽ നിന്നും 2572899/-രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷം 1 കോടി 10 ലക്ഷം രൂപയിലധികം ചെലവഴിയ്ക്കാൻ സാധിക്കാതെ ഗ്രാമപഞ്ചായത്തിന് നഷ്ടമായ സാഹചര്യം നിലനിൽക്കുമ്പോഴാണ് തനത് ഫണ്ട് വളരെ കുറവായ പഞ്ചായത്ത് 73 ലക്ഷത്തിലധികം തുക വാർഷിക പദ്ധതിയ്ക്കായി തനത് ഫണ്ടിനത്തിൽ വകയിരുത്തുന്നത്.വിവിധ സ്രോതസ്സുകളിൽ നിന്നും ആവശ്യമായ ഫണ്ട് ലഭ്യമായിരിക്കെ, അതുപയോഗിച്ച്, ആസൂത്രണം ചെയ്ത പദ്ധതികൾ നടപ്പാക്കാതെ തനത്ഫണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന്റെ വികസന പദ്ധതികൾക്കുവേണ്ടി തുക ചെലവഴിക്കുന്നത് ഒഴിവാക്കപ്പെടേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്ടുകൾക്ക് തുക വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- വിലയിനത്തിൽ തുക അധികം നല്കി

| | |
|---|---|
| പ്രോജക്ട് നം | 17/20 |
| പ്രോജക്ടിന്റെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| അടങ്കൽ | 312000(വികസന ഫണ്ട്-എസ്.സി.പി) |
| ചെലവ് | 274740 (ബിൽനം. 16/29.12.19) |
| ടാക്സ് ഇൻവോയ്സ് നം | RV 200105001591/5.6.20 |

പ്രസ്തുത പ്രോജക്ട് പ്രകാരം 274740 രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്നും 12 ലാപ്ടോപ്പുകൾ വാങ്ങുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി ലാപ്ടോപ്പുകളുടെ ടാക്സ് ഇൻവോയ്സ് പ്രകാരമുള്ള വില 261960 രൂപ മാത്രമാണ് (21830*12) . ഇപ്രകാരം 12780 രൂപ വിലയിനത്തിൽ അധികം നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10) പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയതെന്നും ,പ്രൊഫോർമ ഇൻവോയ്സ് ടാക്സ് ഇൻവോയ്സ് എന്നിവയിൽ ഉണ്ടായ വ്യത്യാസം നിമിത്തം അധികമായി നല്കിയിട്ടുള്ള 12780 രൂപ കെൽട്രോണിൽ നിന്നും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നല്കി. വിലയിനത്തിൽ അധികം നല്കിയ 12780 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം].

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ടിന്റ വിവരം

| പ്രൊജക്റ്റിന്റെ പേര്/ നം.വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര്/നം. | ചെലവ് | പ്രൊജക്റ്റിന്റെ പേര്/ നം.ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 83330 | അങ്കണവാടി പോഷകാഹാരം ജനറൽ 33/20 | 83330 | 0 |
| “ | 19-20 | 83330 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്36/20 | 83330 | 0 |
| “ | 2019-20 | 97515 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 97515 | 0 |
| “ | 2019-20 | 320,000 | ലൈഫ് ഭവനപദ്ധതി ഭവനനിർമ്മാണംരണ്ടാംഘട്ടം ജനറൽ 226/20 | 320,000 | 0 |
| “ | 2019-20 | 300000 | ഷാജിസദനംപടി മുണ്ടോലിക്കടവ് റോഡ് റീടാറിംഗ്197/20 | 300,000 | 0 |
| “ | 2019-20 | 200,000 | ലൈഫ് ഭവനപദ്ധതി ഭവനനിർമ്മാണംരണ്ടാംഘ | 200,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ട്ടം പട്ടികജാതി വിഭാഗം | | |
| ജില്ലാ പഞ്ചായത്ത് | 2019-20 | 250,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർ ഷിപ്പ്/ബത്ത36/20 | 250,000 | 0 |
| " | 2019-20 | 400,000 | ലൈഫ് ഭവനപദ്ധതി ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങൽ ജനറൽ227/20 | 400,000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഏജൻസി | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 1 | കഞ്ഞഴ നെടുകുന്നം കുടിവെള്ള പദ്ധതി അട്ടിപ്പടിപള്ളിത്തടം ഭാഗം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 206/20 | കേരള വാട്ടർ അതോറിറ്റിനെടുകുന്നം സെക്ഷൻ | 150,000 |
| 2 | പള്ളത്തുപ്പാറ കുടിവെള്ള പദ്ധതി വാകത്തോട്ടത്തിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ28/20 | കേരള വാട്ടർഅതോറിറ്റിനെടുകുന്നം സെക്ഷൻ | 250,000 |
| 3 | ഏഴാം മൈൽ എണ്ണശ്ശേരി റോഡിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ67/20 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്,പത്തനാട് സെക്ഷൻ | 160,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

തൻ വർഷം മൊബിലൈസേഷൻ ഇനത്തിൽ തുകയൊന്നും നല്കിയിട്ടില്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 620,000/- രൂപ വരവുണ്ട്. തൻ വർഷം ലഭിച്ച വായ്പ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി ഒ(എം.എസ്) 68/2018,18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 3723236 | 3103236 | 442353 | -- | 3280883 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വാർഷികകണക്ക് പ്രകാരം വരവ് രേഖപ്പെടുത്തിയിട്ടില്ലെങ്കിലും രൂപ ഓഡിറ്റ് റിക്കവറിയിനത്തിൽ വരവ് ലഭിച്ചിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും,ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2017-18 | 3-1 | 960 | നിമ്മി ജേക്കബ്,അസി.സെക്രട്ടറി | 119030100276/4.5.2019 |
| ,, | | 640 | സീന പി.ആർ ജൂനിയർ സൂപ്രണ്ട് | 119030100301/7.5.19 |
| ,, | | 750 | ഗിരീഷ് ഗോപിനാഥ്,സീനിയർ ക്ലർക്ക് | 119030100376/14.5.19 |
| “ | | 500 | അമ്പിളി എം.ആർ,ക്ലർക്ക് | 119030100650/15.6.19 |
| “ | | 3800 | എച്ച്.മുഹമ്മദ് സലീം,മുൻ | 119030101507/19.9.19 |

| | | | | |
|---|---|---|---|---|
| | | | സെക്രട്ടറി | |
| “ | 3-2 | 5769 | അസി,എഞ്ചിനീയർ എൽ.എസ്.ജി.ഡി സെക്ഷൻ,വെള്ളാവൂർ | 119030102718/25.11.19 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-00 45,46,47 | 2002-03 | കമ്പ്യൂട്ടർ സെന്റർ പദ്ധതി | നടപടികൾ ഒന്നുംതന്നെ ആയിട്ടില്ല |

## 4-8 ചാർജ്-സർചാർജ് നടപടികൾ വഴി ഈടാക്കിയ തുകയുടെ വിവരം

ചാർജ്-സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 46912857 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 48397911 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 572780 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-18 | 560000 | |
| 1-20 | 12780 | നിമ്മി ജേക്കബ്, അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എച്ച്.മുഹമ്മദ് സലിം, സെക്രട്ടറി | വിരമിച്ചു | കുന്നിനിയിൽ ആർ പി ബി പി .ഒ മുണ്ടക്കയം |
| പി.റ്റി.ചെല്ലപ്പൻ | സെക്രട്ടറി | പുളിച്ചുമാക്കൽ ചെങ്ങന്നൂർ പി.ഒ മല്ലപ്പള്ളി |
| നിമ്മി ജേക്കബ് | അസിസ്റ്റന്റ് സെക്രട്ടറി | ചോലപ്പള്ളിൽ കുടിലിൽ പരിയാരം പി.ഒ പുതുപ്പള്ളി, കോട്ടയം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 ചെലവ് | എൽ.എഫ്.കെ.പി4-352/2001/17.2.14/3.3.04 | |
| 1998-99 | എൽ.എഫ്.കെ.പി4-934/02/31.12.04/5.1.05 | |
| 1999-2000 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208 (1)/2018/2.2.18 | 16 |
| 1999-00, 01-02 പ്ലാൻ കണക്കുകൾ | എൽ.എഫ്.കെ.പി.4-817/03/6.4.04/14.5.04 | |
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(2)/2018 /2.2.18 | 4 |

| | | |
|---|---|---|
| 2001-02 | എകെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(3) /2018 /2.2.18 | 9 |
| 2002-03 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(4)/2018 /2.2.18 | 5 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി5-794/08/23.2.11/അദാ. | |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(5)/2018 /2.2.18 | 2 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(6)/2018 /2.2.18 | 2 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(8)/2018 /2.2.18 | 8 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(9)/2018 /2.2.18 | 7 |
| 2009-10, 2010-11 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(10)/2018 /2.2.18 | 17 |
| 2011-12, 12-13 | കെ.എസ്.എ-കെ.ടി.എം.പി5/1560/11/2015/ 31.3.16 | |
| 2013-14 | എൽ.എഫ്.കെ.പി5-612/2015/3.2.16 | 16 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി5/790/17/21.12.17 | 12 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5/789/17/01.01.18 | 19 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി5/551/18/07.04.18 | 14 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി5/78/19/19.02.2019 | 14 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി5/1688/19/27.12.2019 | 15 |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്